ശ്രീ. സി. എ. കുര്യൻ: മറുപടിയിൽ സർപ്ലസ് ആയ ആളുകളെ മറ്റു ഡിപ്പാർട്ടുമെൻറുകളിലേയ്ക്ക് അയച്ചിട്ടുണ്ടെന്നു പറഞ്ഞു. സംസ്ഥാന വ്യാപകമായി റീ സർവെ നടത്താൻ ഈ സർപ്ലസ് സ്റ്റാഫിനെ ഉപയോഗിക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: എവിടെയൊക്കെയാണ് ഫലപ്രദമായി ഈ ജീവനക്കാരെ ഉപയോഗിക്കാൻ സാധിക്കുന്നതെന്നുള്ളതിനെസംബന്ധിച്ച് ഗവൺമെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പറുടെ വിലയേറിയ നിർദ്ദേശവും പരിഗണിക്കുന്നതായിരിക്കും.

ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ: കൂടുതൽ ജനസംഖ്യയുള്ളതും ഐ.ആർ.ഡി.പി. പോലുള്ള പദ്ധതികളും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ വില്ലേജാഫീസുകളിൽ ദുർബലവിഭാഗങ്ങൾക്ക് തക്കസമയത്തു വരുമാനസർട്ടിഫിക്കറ്റ് കൊടുക്കാൻ ബുദ്ധിമുട്ടുവരുന്നുണ്ടെന്നുള്ളതു പരിഗണിച്ച് അത്തരം വില്ലേജാഫീസുകളിൽ പ്രത്യേക സ്റ്റാഫിനെ നിയമിക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബി ജോൺ: ഞാൻ സൂചിപ്പിച്ചുകഴിഞ്ഞു, വില്ലേജാഫീസുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പഠിച്ച ഒരു റിപ്പോർട്ട് ഗവൺമെൻറിനു കിട്ടിയിട്ടുണ്ട്, ശുപാർശകളും ഉണ്ട്. ആ ശുപാർശകളും വളരെ വേഗം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

പാസ്പോർട്ട് വെരിഫിക്കേഷനു നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാർ

*144 [154] ശ്രീ. എം. വി. രാജഗോപാലൻ:
,, ചടയൻ ഗോവിന്ദൻ:
,, എം. കെ. കൃഷ്ണൻ:
,, എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ കളക്ടറേറ്റുകളിൽ പാസ്പോർട്ട് വെരിഫിക്കേഷൻ സംബന്ധിച്ചുള്ള ജോലികൾക്കായി ആവശ്യത്തിനു ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിനായി ഓരോ കളക്ടറേറ്റിലും എത്ര ജീവനക്കാരെ വീതം നിയമിക്കപ്പെട്ടിട്ടുണ്ട്;

(സി) റവന്യൂ വകുപ്പിൽ വിവിധ തസ്തികകളിൽ ജീവനക്കാരെ നിയമിക്കാതെ ഒഴിവായി കിടക്കുന്നതിനെ 1-9-1979-ലെ കണക്ക് മേശപ്പുറത്ത് വയ്ക്കാമോ;

(ഡി) തസ്തികകൾ ഒഴിവായി കിടക്കുന്നതിനെ കാരണമെന്ത്?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ഉണ്ട്.

(ബി) 1979 ആഗസ്റ്റ് അവസാനംവരെ എല്ലാ കളക്ടറേറ്റുകളിലും കൂടി മേൽപ്പടി ജോലിക്ക് നിയോഗിച്ചിരുന്നതായ ക്ലാർക്കൻമാരുടെ എണ്ണം 47 ആയിരുന്നു, വിശദവിവരം അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്†.

†ലൈബ്രറിയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി, ഡി) ഭൂപരിഷ്ക്കരണനിയമം നടപ്പാക്കുന്നതിനു നിയോഗിച്ചിരുന്ന ജീവനക്കാരുടെ സംഖ്യ കുറഞ്ഞുവരുമെന്നാണ് കരുതുന്നത്. അങ്ങനെ സംഭവിക്കുകയാണെങ്കിൽ അധികമായി വരുന്ന ജീവനക്കാരെ മറ്റു തസ്തികകളിൽ നിയമിക്കേണ്ടതായി വരും. അതിനുവേണ്ടി റവന്യൂ വകുപ്പിൽ നിലവിലുള്ളതും മേലിൽ ഉണ്ടാകുന്നതുമായ ഒഴിവുകളിൽ നിയമനം നടത്താതിരിക്കുകയാണ്. 1-8-1979-ലെ ഒഴിവുകളുടെ കണക്കുകൂടി ശേഖരിച്ചുവരുന്നതേയുള്ളു.

ശ്രീ. ചടയൻ ഗോവിന്ദൻ: പാസ്പോർട്ട് വെരിഫിക്കേഷൻ പ്രവർത്തനത്തിനാവശ്യമായ ആളുകളില്ലാത്തതിന്റെ ഫലമായി പാസ്പോർട്ടു കിട്ടുന്നതിനു കാലതാമസം വരുന്നു എന്നുള്ള ആക്ഷേപം ശരിയാണോ? ആണെങ്കിൽ ആ പരാതിയില്ലാതാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബി ജോൺ: അത്തരമൊരു പരാതിയുണ്ടായിരുന്നു. അതനുസരിച്ച് കൂടുതൽ അപേക്ഷകളുള്ള സ്ഥലങ്ങളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇപ്പോൾ ആ പരാതി അത്ര ഗൗരവത്തിൽ ഇല്ല എന്നാണ് മനസ്സിലാക്കിയിട്ടുള്ളത്.

ശ്രീ. ചടയൻ ഗോവിന്ദൻ: ഈ പരാതി വന്നതിനുശേഷം അതു പരിഹരിക്കത്തക്കവിധത്തിൽ ആവശ്യമായ ആളുകളെ നിയമിച്ചുകഴിഞ്ഞു എന്നാണോ കരുതേണ്ടത്?

ശ്രീ. ബേബി ജോൺ: അപേക്ഷകന്റെ ആഗ്രഹം പിറ്റേന്നു കിട്ടണമെന്നായിരിക്കും. അങ്ങനെ കിട്ടിയില്ലെങ്കിൽ ചിലപ്പോൾ പരാതി കാണും. ജീവനക്കാരുടെ കാര്യക്ഷമതക്കുറവെന്നാണ് പരാതിക്കാർ പറയുന്നതെങ്കിലും ചിലപ്പോൾ പരിശോധനക്ക് സമയമെടുക്കുന്നതായിരിക്കാം കാരണം. ജീവനക്കാരുടെ പക്ഷത്തുള്ള കാലതാമസമാണെങ്കിൽ അതൊഴിവാക്കാം.

ശ്രീ. എം. കെ. കൃഷ്ണൻ: റവന്യൂവകുപ്പിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരം ശേഖരിച്ചു വരുന്നു എന്നാണ് പറയുന്നത്. ഇതിനു മുമ്പത്തെ ചോദ്യത്തിനുത്തരമായി പറഞ്ഞത് സൂപ്പർ ന്യൂമററി പോസ്റ്റ് ക്രിയേറ്റ് ചെയ്തുകൊടുക്കുമെന്നാണ് ഇതു രണ്ടുംകൂടി എങ്ങനെയാണ് പൊരുത്തപ്പെടുന്നത്?

ശ്രീ. ബേബി ജോൺ: ഇവരെ എവിടെയൊക്കെ നിയമിക്കണമെന്ന കാര്യം പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. വളരെ വേഗംതന്നെ തീരുമാനമെടുക്കും.

ശ്രീ. എം. കെ. കൃഷ്ണൻ: വർക്ക് ലോഡ് കൂടിയതുകാരണം ഇപ്പോൾ അവർ 'വർക്ക് ടു റൂൾ' സ്വീകരിച്ചിരിക്കുകയാണെന്നറിയാമോ?

ശ്രീ. ബേബി ജോൺ: 'വർക്ക് ടു റൂൾ' നടപടി സ്വീകരിക്കാൻ ജീവനക്കാരെ പ്രേരിപ്പിച്ചതിന്റെ ന്യായാന്യായതയെക്കുറിച്ചൊന്നും ഇവിടെവച്ചു പറയാൻ ഞാനുദ്ദേശിക്കുന്നില്ല. അവരുടെ ന്യായമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ തയ്യാറാണ്; അതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്യും.

ശ്രീ. എം. വി. രാഘവൻ: പാസ്പോർട്ട് വെരിഫിക്കേഷനു നാൽപ്പത്തിരണ്ടുപേരെ നിയമിച്ചു എന്നാണ് പറഞ്ഞത്. അതുകൊണ്ടുമാത്രം പ്രശ്നം തീർന്നില്ല. കേരളത്തിലുള്ള മിക്ക ആളുകളും ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

പാസ്പോർട്ടെടുത്തുകൊണ്ടിരിക്കുകയാണ്; പുറത്തു പോകുന്നില്ലെങ്കിലും. അത്തരമൊരു പരിതഃസ്ഥിതിയിൽ പാസ്പോർട്ടെങ്കിലും എടുക്കാനുള്ള ഒരു അവസരം ചെയ്തുകൊടുക്കാൻവേണ്ടി കുറെ ജീവനക്കാരെക്കൂടി നിയമിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. ബേബി ജോൺ: ആവശ്യമാണെന്നു കണ്ടാൽ തീർച്ചയായും നിയമിക്കും.

ശ്രീ. ടി. എ. മജീദ്: എം. എൽ. എ.മാരും. എം. പി.മാരും ഒപ്പിട്ടു കൊടുക്കുന്ന ഈ സാഹചര്യത്തിൽ കളക്ടറേറ്റിൽ അപേക്ഷകരം പോകുന്ന ഇടപാട് വളരെ കുറവാണെന്നുള്ളതറിയാമോ?

ശ്രീ. ബേബി ജോൺ: അതിന്റെ എല്ലാ കാര്യങ്ങളും നോക്കിക്കൊണ്ടേ പറയാനൊക്കുകയുള്ളു. കൂടുതൽ ആവശ്യമുണ്ടെങ്കിൽ ചെയ്യാം. നമ്മുടെ നാട്ടിലെ സ്ഥിതിവച്ച് കുറയ്ക്കാനൊക്കുകയില്ലല്ലോ.

ശ്രീ. ടി. എ. പരമൻ: പാസ്പോർട്ട് വെരിഫിക്കേഷന്റെ കാര്യത്തിൽ കളക്ടറേറ്റ് വെറുമൊരു ട്രാൻസ്മിറ്റിംഗ് സെൻറർ മാത്രമാണ്. ആപ്ലിക്കേഷൻ ഡി.എസ്.പി.ക്ക് അയച്ചുകൊടുക്കുകയും അവിടെനിന്നു മടങ്ങിവന്നാൽ അത് പാസ്പോർട്ടാഫീസിലേക്കയച്ചുകൊടുക്കുകയും ചെയ്യുക മാത്രമേയുള്ളു അവർക്ക് ജോലി. വെരിഫിക്കേഷൻ പ്രോപ്പർ അവർക്കില്ല. ആ നിലക്ക് ഇനിയും കൂടുതലാളുകളെ നിയമിക്കേണ്ടയാവശ്യമുണ്ടോ?

ശ്രീ. ബേബി ജോൺ: വെരിഫിക്കേഷൻ എന്നു പറയുന്നത് പോലീസ് വെരിഫിക്കേഷനല്ല. കളക്ടറേറ്റ് ആപ്ലിക്കേഷൻ വെരിഫൈ ചെയ്യേണ്ടതുണ്ട്. അല്ലാതെ വെറും പോസ്റ്റാഫീസ് പോലെ ഇത് അങ്ങോട്ടുമിങ്ങോട്ടും അയച്ചുകൊടുക്കുന്ന ജോലി മാത്രമല്ല ഉള്ളത്. പോലീസിനു വെരിഫിക്കേഷൻ നടത്തേണ്ടയാവശ്യമുള്ളതുകൊണ്ടാണ് ഡി.എസ്.പി.ക്ക് അയച്ചുകൊടുക്കുന്നത്.

ശ്രീ. ഇ. പി. ഗോപാലൻ: കളക്ടറേറ്റുകളിലും താലൂക്കാഫീസുകളിലും ഓരോ കൊല്ലം കഴിയുന്തോറും ജോലി ഭാരം വർദ്ധിക്കുകയാണ്. പ്രത്യേകിച്ച് അഗതികളുടെ പെൻഷൻകാര്യംകൂടെ വന്നപ്പോഴം കൂടുതൽ ജോലി വർദ്ധിച്ചിട്ടുണ്ട്. താലൂക്കാഫീസുകളിൽ ഒരു ക്ലാർക്ക് മാത്രമാണ് ഇത്തരം കാര്യങ്ങളം ചെയ്യുന്നത്. എന്നാൽ അതേയവസരത്തിൽ അനവധി ആളുകളം ജോലിയില്ലാതെ നിൽക്കുന്നുമുണ്ട്. ഭരണപരമായി പോസ്റ്റുകളം ക്രിയേറ്റ് ചെയ്യാത്തതുകൊണ്ടാണോ ഈ കുഴപ്പം? അങ്ങനെയാണെങ്കിൽ പോസ്റ്റ് ക്രിയേറ്റ് ചെയ്യണം. അല്ലെങ്കിൽ ഇപ്പോഴുള്ളവർക്ക് ഗവൺമെൻറിന്റെതന്നെ മറ്റുജോലികളം കൊടുക്കണം. അത്തരമൊരു നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബി ജോൺ: മറ്റു ജോലികളം കൊടുക്കുന്ന കാര്യത്തെക്കുറിച്ചാണാലോചിക്കുന്നത്. ശരിയായ ഒരു പരിശോധനക്കുശേഷം മാത്രമേ അദ്ധ്വാനഭാരം വർദ്ധിച്ചിട്ടുണ്ടോ എന്നുള്ളതു നിശ്ചയിക്കാനൊക്കുകയുള്ളു. അല്ലാതെ ഇന്നലത്തേതിനേക്കാളം അല്പസ്വല്പമൊക്കെ ജോലി വർദ്ധിച്ചാൽ അത് അദ്ധ്വാനഭാരം വർദ്ധിച്ചതാണെന്നു പറയുന്നത് അംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കല്പട നാരായണൻ: പാസ്പോർട്ട് അപേക്ഷാഫാറത്തിൽ ഒപ്പിടാൻ എം. എൽ. എ.മാരെയും, എം. പി. മാരെയുമാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഒരു ദിവസം നൂറും ഇരുന്നൂറും അപേക്ഷകളാണ് ഒപ്പിട്ടു കൊടുക്കേണ്ടിവരുന്നത്. അങ്ങനെയുള്ളവരെ സഹായിക്കാൻവേണ്ടി ഒരു ക്ലാർക്കിനെക്കൊടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ബേബി ജോൺ: എം. എൽ. എ.മാർക്ക് ഇപ്പോഴും ഈ കാര്യത്തിനുവേണ്ടി പ്രത്യേകമായി ക്ലാർക്കിനെ നിയമിക്കാൻ ഗവൺമെൻറുദ്ദേശിക്കുന്നില്ല.

ശ്രീ. പി. ബി. ആർ. പിള്ള: പത്തു കൊക്കോയും നാലു പാസ് പോർട്ടുമില്ലാത്ത വീട് വീടല്ല എന്നതാണ് ഇന്നത്തെ വയ്പ്. പാസ് പോർട്ടിന്റെ തിരക്ക് വർദ്ധിച്ചുവരുന്ന ഈ പരിതഃസ്ഥിതിയിൽ അവ പോലീസ് ഡിപ്പാർട്ടുമെൻറിനു വിട്ടുകൊടുത്താൽ ജോലി കുറഞ്ഞിരിക്കുകയില്ലേ?

ശ്രീ. ബേബി ജോൺ: കൊക്കോയും പാസ്പോർട്ടുംകൂടി പോലീസിനെ ഏല്പിക്കണമെന്നാണോ? ഇപ്പോഴത്തെ നിലവിലിരിക്കുന്ന സംവിധാനത്തിന് മാറ്റം വരുത്തണമെന്നുദ്ദേശിക്കുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: നിയമസഭ ഉടനെ പിരിച്ചുവിടാൻ സാദ്ധ്യതയുള്ളതുകൊണ്ട് എം. എൽ. എ.മാരും. എം. പി. മാരും ഇല്ലാതെ വരുന്ന സാഹചര്യത്തിൽ ഒപ്പിടുന്നതിനു പുതിയൊരു സംവിധാനം ഉണ്ടാക്കുന്നതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ?

ശ്രീ. ബേബി ജോൺ: പാർലമെൻറ് പിരിച്ചുവിട്ടുകഴിഞ്ഞതുകൊണ്ട് എം. പി. മാർക്ക് ഒപ്പിടാനുള്ള സൗകര്യമില്ല. നിയമസഭ പിരിച്ചുവിടുകയാണെങ്കിൽ പഴയ രീതി കാണും; അതു തുടർന്നുപോകും.

ശ്രീ. കെ. സി. വാമദേവൻ: അദ്ധ്യാനഭാരം വർദ്ധിച്ചിട്ടുണ്ടോ എന്നതു പരിശോധിക്കാൻ ഒരു ശാസ്ത്രീയമായ മാർഗ്ഗമുണ്ടാക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

ശ്രീ. ബേബി ജോൺ: ഞാൻ ഓർമ്മയിൽനിന്നു പറയുകയാണ്. ഒരു O and M സ്റ്റഡി നടത്താൻ ഉദ്ദേശിച്ചിട്ടുണ്ടായിരുന്നു. അതു നടന്നുകൊണ്ടിരിക്കുന്നതായിട്ടാണ് ഞാൻ ഓർക്കുന്നത്.

Ernakulam-Alleppey Railway Line

*145 [155] **Shri Stephen Padua**: Will the Minister of Food and Civil Supplies be pleased to State:

(a) When the work of the Ernakulam-Alleppey Railway Line be completed;

(b) What is the present stage?

Minister for Food and Civil Supplies **(Shri T. S. John):** (a) The work is expected to be completed in three years.

LIBRARY ARCHIVES Kerala Legislative Assembly